## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2411 05/02/2018-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികൾ

| | ചോദ്യം<br><br>ശ്രീ.ജോൺ ഫെർണാണ്ടസ് | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 11.12.2015-ൽ 80 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച കൊച്ചി മണ്ഡലത്തിലെ തോപ്പുംപടി കെ. എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | തോപ്പുംപടി കെ. എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ നിർമ്മാണ പ്രവൃത്തിക്കായി 11.12.2015-ൽ സ.ഉ.(സാധാ)നം.293/15/ ഊ.വ പ്രകാരം ഉത്തരവായെങ്കിലും 02.06.2017-ലെ സ.ഉ.(സാധാ)നം.200/17/ഊ.വ പ്രകാരമാണ് ഫണ്ട് റിലീസ് ചെയ്തത്. തുടർന്ന് ടെണ്ടർ വിളിച്ചെങ്കിലും വേണ്ടത്ര കരാറുകാർ പങ്കെടുക്കാത്തതിനാൽ ടെണ്ടർ റദ്ദ് ചെയ്ത് വീണ്ടും ടെണ്ടർ വിളിച്ചിരിക്കുകയാണ്. അതിന്റെ നടപടി ക്രമങ്ങൾ പുരോഗമിക്കുകയാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കിയതിനു ശേഷം ടെണ്ടർ വിളിക്കുകയും ടെണ്ടർ നടപടികൾ പുരോഗമിക്കുകയുമാണ്. ഒരു മാസത്തിനകം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പണി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ